I/108818/2023

**മിഷൻ വാത്സല്യ , കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക. ജി , ഐ.എ.എസ് , വനിത ശിശു വികസന ഡയറക്ടർ)**

വിഷയം:- വനിത ശിശു വികസന വകുപ്പ് – മിഷൻ വാത്സല്യ - മിഷൻ വാത്സല്യ പദ്ധതിയുടെ കീഴിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ പദ്ധതി മാർഗ്ഗനിർദേശം പ്രകാരമുള്ള വേതനത്തിൽ 3% വർദ്ധനവ് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. കേന്ദ്ര സർക്കാർ ഉത്തരവ് CW-II-22/6/2022 -CW-II തീയതി:05/07/2022
2. കേന്ദ്ര സർക്കാർ PAB Minutes നമ്പർ.CW - II - 22/28/2022 - CW-II (e-102093) തീയതി:05.07.2023
3. സ.ഉ.(സാധാ)നം.422/2023/WCDD തീയതി:11.07.2023

**ഉത്തരവ് നം. DWCD/1945/2023 - ICPS 4 തീയതി: 02-08-2023**

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ 2022 ഏപ്രിൽ പ്രാബല്യത്തിൽ പുതുക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംസ്ഥാന ഘടകങ്ങൾ ആയ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (SCPS), സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA), ജില്ലാ ഘടകങ്ങൾ ആയ ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് (DCPU), സർക്കാർ ശിശു സംരക്ഷണ സ്ഥാപനങ്ങൾ, ചൈൽഡ് വെൽഫയർ കമ്മിറ്റി (CWC), ജുവനൈൽ ജസ്റ്റിസ് ബോർഡ് (JJB) എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് പരാമർശം (1) പ്രകാരം 2022 ഏപ്രിൽ മുതൽ മിഷൻ വാത്സല്യ പദ്ധതി പ്രകാരമുള്ള വേതനം നൽകി വരുന്നു.

പ്രസ്തുത മാർഗ്ഗനിർദേശത്തിൽ 2022 ഏപ്രിൽ മുതൽ ഒരു വർഷം പൂർത്തിയാകുന്ന ജീവനക്കാർക്ക് 3% വർധനവിന് വ്യവസ്ഥയുണ്ട്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത തുകയുള്ള പ്രൊപ്പോസൽ കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ പ്രൊജക്റ്റ് അപ്പ്രോവൽ ബോർഡിൽ (PAB) സമർപ്പിക്കുകയും, ആയതിന് പരാമർശം (2) പ്രകാരം അനുമതിയും ലഭിച്ചിട്ടുണ്ട്.

കൂടാതെ പ്രസ്തുത മാർഗ്ഗനിർദേശ പ്രകാരം തുക വിനിയോഗിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭരണാനുമതിയും പരാമർശം (3) പ്രകാരം ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മിഷൻ വാത്സല്യ പദ്ധതി പ്രകാരം 2022 ഏപ്രിൽ മുതൽ ഒരു വർഷം സേവനം തൃപ്തികരമായി പൂർത്തിയാക്കിയ യോഗ്യരായ എല്ലാ ജീവനക്കാർക്കും ചുവടെ ചേർക്കും പട്ടിക പ്രകാരം 3% വേതന വർധനവ് അനുവദിച്ച് ഉത്തരവാകുന്നു.

**SCPS Staff Salary**

| Sl.No | Post | Number Of Post | Current Salary | 3% Hike salary |
|---|---|---|---|---|
| 1 | Programme Manager | 1 | 46,340 | 47,730 |
| 2 | Programme Officer | 2 | 34,755 | 35,798 |
| 3 | Accountants Officer | 1 | 23,170 | 23,865 |
| 4 | Accountant | 1 | 18,536 | 19,092 |

I/108818/2023

| | | | | |
|---|---|---|---|---|
| 5 | Assistant Cum Data Entry Operator | 2 | 13,240 | 13,637 |

**SARA Staff Salary**

| Sl.No | Post | Number Of Post | Current Salary | 3% Hike salary |
|---|---|---|---|---|
| 1 | Programme Manager | 1 | 46,340 | 47,730 |
| 2 | Programme Officer | 1 | 34,755 | 35,798 |
| 3 | Programme Assistant | 1 | 13,240 | 13,637 |

**DCPU Staff Salary (Per District)**

| Sl.No | Post | Number Of Post | Current Salary | 3% Hike salary |
|---|---|---|---|---|
| 1 | Protection Officer - Institutional Care | 1 | 27,804 | 28,638 |
| 2 | Protection Officer- Non Institutional Care | 1 | 27,804 | 28,638 |
| 3 | Legal Cum Probational Officer | 1 | 27,804 | 28,638 |
| 4 | Councelor | 1 | 18,536 | 19,092 |
| 5 | Social worker | 2 | 18,536 | 19,092 |
| 6 | Accountant | 1 | 18,536 | 19,092 |
| 7 | Data Analyst | 1 | 18,536 | 19,092 |
| 8 | Assistant Cum Data Entry Operator | 1 | 13,240 | 13,637 |
| 9 | Out Reach Worker | 2 | 10,592 | 10,910 |

**Child Care Institution Staff Salary**

| Sl.No | Post | Number Of Post | Current Salary | 3% Hike salary |
|---|---|---|---|---|
| 1 | Councelor | 1 | 23,170 | 23,865 |

**CWC Staff Salary**

| Sl.No | Post | Number Of Post | Current Salary | 3% Hike salary |
|---|---|---|---|---|
| 1 | CWC Assistant Cum Data Entry Operator | 1 | 11,916 | 12,273 |

**JJB Staff Salary**

| Sl.No | Post | Number Of Post | Current Salary | 3% Hike salary |
|---|---|---|---|---|
| 1 | JJB Assistant Cum Data Entry Operator | 1 | 11,916 | 12,273 |

I/108818/2023

പ്രസ്തുത വേതന വർധനവ് നൽകുന്ന ജീവനക്കാർക്ക് 2022 ഏപ്രിൽ മുതൽ ഒരു വർഷം സർവീസ് പൂർത്തിയായതായി സ്ഥാപന മേധാവികൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതും, ആയതിന് അതാത് സ്ഥാപന മേധാവിമാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ആയത് ഇൻക്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

2023 ഏപ്രിൽ മുതൽ മേൽ പട്ടിക പ്രകാരമുള്ള പുതുക്കിയ വേതനം നൽകുന്നതിന് ആവശ്യമായ തുകയുള്ള പ്രൊപ്പോസൽ ഇൻക്രിമെന്റ് ഉത്തരവ് സഹിതം അടിയന്തിരമായി ലഭ്യമാക്കേണ്ടതുമാണ്. ഫണ്ടിനുള്ള പ്രൊപ്പോസൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

നിലവിൽ സേവന കാലാവധി ദീർഘിപ്പിക്കുന്നതിനു സർക്കാർ അനുമതിക്കായി പ്രൊപോസൽ നൽകി ദിവസവേതനത്തിൽ തുടരുന്ന ജീവനക്കാർക്കും മേൽ നിരക്കിൽ വേതനം അനുവദിക്കാവുന്നതും സർക്കാർ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് 2023 ഏപ്രിൽ മുതലുള്ള കുടിശിക അനുവദിക്കാവുന്നതുമാണ് .

PRIYANKA G

വനിത ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർക്കും

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കും

എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ട്മാർക്കും

പകർപ്പ് :

1. പ്രോഗ്രാം മാനേജർ, SCPS
2. പ്രോഗ്രാം മാനേജർ, SARA
3. ICPS - 10
4. സ്റ്റോക്ക് ഫയൽ
5. വെബ് സൈറ്റ്

Signed by Priyanka G
Date: 02-08-2023 10:34:36